Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(3)31010/2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 12.07.2013

## സർക്കുലർ നമ്പർ. 44/2013

വിഷയം:- സഹകരണം-സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ നിക്ഷേപങ്ങൾ/മിച്ച ഫണ്ടുകൾ- സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപിക്കുന്നത് സംബന്ധിച്ച്.- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 30.12.2006 ലെ 63/2006 നമ്പർ സർക്കുലർ.
2) സഹകരണ സംഘം രജിസ്ട്രാറുടെ 05.05.2010 ലെ 24/2010 നമ്പർ സർക്കുലർ.
3) സഹകരണ സംഘം രജിസ്ട്രാറുടെ 26.07.2010 ലെ 42/2010 നമ്പർ സർക്കുലർ.
4) സഹകരണ സംഘം രജിസ്ട്രാറുടെ 22.08.2011 ലെ 65/2011 നമ്പർ സർക്കുലർ.
5) 14.06.13 ന് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ്-അജണ്ട നം-4 തീരുമാനം.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ മിച്ച ഫണ്ടുകൾ/ നിക്ഷേപങ്ങൾ സഹകരണ മേഖലയിൽ തന്നെ നിക്ഷേപിക്കണമെന്നും, മറ്റു സ്ഥാപനങ്ങളിലും/ബാങ്കുകളിലും നിക്ഷേപിക്കരുതെന്നും സൂചന (1) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി അവയുടെ മിച്ച ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ, സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തന പരിധിയിലുള്ള ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിലോ നിക്ഷേപിക്കാൻ സൂചന (2) ലെ സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നെങ്കിലും ടി സർക്കുലർ നിർദ്ദേശം പിൻവലിച്ച് സൂചന (3) ലെ സർക്കുലർ തീയതി മുതൽ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും അവയുടെ മിച്ചഫണ്ട് സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപിക്കാൻ പാടില്ലാത്തതാകുന്നു എന്ന് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സൂചന (4) സർക്കുലർ നിർദ്ദേശം പ്രകാരം സഹകരണ സംഘങ്ങൾ സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപം നടത്തുവാൻ പാടുള്ളതല്ല എന്ന് കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സഹകരണ ബാങ്കിംഗ് മേഖല ദേശസാൽകൃത/ സ്വകാര്യ ബാങ്കുകളിൽ നിന്നും കടുത്ത മത്സരം നേരിടുന്ന സാഹചര്യത്തിലും സഹകരണ ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപം സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും കർഷ കർക്കും, സാധാരണക്കാർക്കും വായ്പയായി ലഭ്യമാക്കുന്നതിനും സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. ആയതിനാൽ സഹ കരണ സംഘങ്ങൾ സഹകരണ മേഖലയിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപം സഹകരണ മേഖലയിൽ തന്നെ നിക്ഷേപിക്കണമെന്ന് നിരവധി തവണ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും സംസ്ഥാനത്തെ ചില സഹകരണ സംഘ ങ്ങൾ/ബാങ്കുകൾ ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അവരുടെ നിക്ഷേപം വാണിജ്യ ബാങ്കുകളിലും സ്വകാര്യ ബാങ്കുകളിലും അനുവാദമോ അംഗീകാരമോ ഇല്ലാതെ നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂചന (5) പ്രകാരം ചർച്ച ചെയ്തത നുസരിച്ച് ടി വിഷയത്തിനുമേൽ കടുത്ത നിയന്ത്രണം ആവശ്യമാണെന്ന് തീരുമാനി ച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘ ങ്ങളും/ബാങ്കുകളും അവരുടെ മിച്ച ഫണ്ടുകൾ അതാത് ജില്ലാ സഹകരണ ബാങ്കുകളിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും അവരുടെ മിച്ച ഫണ്ടുകൾ/നിക്ഷേപങ്ങൾ സംസ്ഥാന സഹകരണ ബാങ്കിൽ തന്നെ നിക്ഷേ പിക്കേണ്ടതാണ്.
3. രജിസ്ട്രാറുടെ/ജോയിന്റ് രജിസ്ട്രാറുടെ അനുമതിയോടെ പ്രത്യേക ആവ ശ്യങ്ങൾക്കായി സ്വകാര്യ ബാങ്കുകളിലോ, ദേശസാൽകൃത/വാണിജ്യ ബാങ്കു കളിലോ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ, അനുമതി നൽകിയ ഉത്തരവിൽ അനുവ ദിച്ചിട്ടുള്ളതിൽ കൂടുതൽ തുക യാതൊരു കാരണവശാലും അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടുള്ളതല്ല.
4. രജിസ്ട്രാറുടെ/ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായി സ്വകാര്യ, ദേശസാൽകൃത/വാണിജ്യ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നതിന് മുൻപ് നൽകിയിട്ടുള്ള അനുമതി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ പരി ശോധിച്ച് വിലയിരുത്തേണ്ടതും, ടി അനുമതി തുടരേണ്ട സാഹചര്യമു ണ്ടോ യെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, അനുവാദം നൽകിയ ഉത്തരവിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി നിക്ഷേപം നടത്തുന്നു ണ്ടെങ്കിൽ, ടി അനുമതി ഉത്തരവുകൾ അടിയന്തിരമായി റദ്ദുചെയ്യുന്നതി നുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. കൺകറന്റ് ആഡിറ്റർമാർ ഉള്ള സ്ഥാപനങ്ങളിൽ കൺകറന്റ് ആഡിറ്റർമാരും യൂണിറ്റ്/ഗ്രൂപ്പുകളിലുള്ള ആഡിറ്റർമാർ ആഡിറ്റ് വേളയിലോ അല്ലാതെയോ ഇക്കാര്യം പരിശോധിക്കേണ്ടതും, നിർബന്ധമായും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

6. സൂചന (4) സർക്കുലർ നിർദ്ദേശ തീയതിക്കു ശേഷം ഏതെങ്കിലും സഹകരണ സംഘങ്ങൾ സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ ടി വിവരം സംബന്ധിച്ച് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികൾ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7. ഓരോ ജില്ലയിലും സഹകരണ സംഘം ഇൻസ്പെക്ടർമാർ ടി വിഷയം വിശദമായി പരിശോധന നടത്തി റിപ്പോർട്ട് ഒരു മാസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ജോയിന്റ് രജിസ്ട്രാർ(ജനറൽ)ക്ക് സമർപ്പിക്കേണ്ടതും ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർ ടി സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സഹകരണസംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മേൽ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സംഘങ്ങൾക്കെതിരെ കേരള സഹകരണ സംഘം നിയമപ്രകാരം കർശന നിയന്ത്രണം/ നടപടികൾ കൈകൊള്ളേണ്ടതുമാണ്.അതോടൊപ്പം ഇക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിനും തുടർന്ന് നടപടി എടുക്കുന്നതിന് വീഴ്ച വരുത്തുന്നതുമായ ജനറൽ/ ആഡിറ്റ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടി വരും എന്നും ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്

കെ.ഗോപാലകൃഷ്ണ ഭട്ട്. ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ